**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3528. 08-11-2019-ലെ മറുപടിക്ക്.

**അസാപ് പദ്ധതിയിൽ കാലതാമസം**

**ചോദ്യം** **ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ

ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അസാപ് പദ്ധതിയുടെ അസ്സസ്സ്മെൻറ് നടത്തുന്നതിനും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അറിയിക്കുമോ; | എ) | അസാപ്പിലൂടെ നൽകിവരുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനമായ ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ പരീക്ഷാ നടത്തിപ്പിനും സർട്ടിഫിക്കറ്റ് വിതരണത്തിനും ബ്രിട്ടീഷ് കൗൺസിലിനെയും തൊഴിൽ നൈപുണ്യ കോഴ്സുകളുടെ അസ്സസ്സ്മെൻറുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും അതാത് സെക്ടർ സ്കിൽ കൗൺസിലുകളെയുമാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്. |
| ബി) | ഹോസ്പിറ്റാലിറ്റി രംഗത്ത് 2016-17 അധ്യയന വർഷം നടത്തിയ കോഴ്സുകളുടെ അസ്സസ്സ്മെൻറ് ഇതുവരെ നടത്താതിരിക്കുന്നതായും മൂല്യനിർണ്ണയം നടത്തിയ കോഴ്സുകളിൽ ഇതുവരെ സർട്ടിഫിക്കറ്റ് നൽകാത്തതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) യും ഡി) യും | 2016-17 അധ്യയന വർഷത്തിൽ ഹോസ്പിറ്റാലിറ്റി രംഗത്ത് നടത്തിയ കോഴ്സുകളിൽ രണ്ടു കോഴ്സുകളുടെ പരീക്ഷ നടത്തിയിട്ടില്ല. പ്രസ്തുത ബാച്ചുകളുടെ പരീക്ഷ ഡിസംബർ 2019 -ഓടു കൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെൻട്രൽ ഡാറ്റ ഡെപ്പോസിറ്ററി ആയ എസ്.ഡി.എം.എസ് (സ്കിൽ ഡെവലപ്മെന്റ് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം)- ലെ തകരാറുമൂലം വിതരണം ചെയ്യാൻ സാധ്യമാകാതെ പോയ സർട്ടിഫിക്കറ്റുകൾ, പ്രസ്തുത തകരാറുകൾ പരിഹരിച്ച് സമർപ്പിക്കുവാൻ ടൂറിസം സെക്ടർ സ്കിൽ കൗൺസിലിനോട് അസാപ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്ക് ഈ ഒരു കാലയളവിലേക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി) | ആയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ചുമതലപ്പെട്ടവരോട് ഇതിനെക്കുറിച്ച് റിപ്പോർട്ട് തേടി ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

Deepa
സെക്ഷൻ ഓഫീസർ